## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.428          9/02/2016-ൽ മറുപടിക്ക്**

**ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി. | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട, വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനിലെ 'ആനക്കയത്ത്' ഏഴ് മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ആനക്കയം ചെറുകിട ജലവൈദ്യുതപദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;<br><br>(ബി) പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;<br><br>(സി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി പദ്ധതി യാഥാർത്ഥ്യമാക്കുവാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | **(എ)യും (ബി)യും (സി)യും**<br><br>ആനക്കയം ചെറുകിട ജലവൈദ്യുതപദ്ധതിയ്ക്ക് (7.5 മെഗാവാട്ട്) 29.09.2009-ൽ 9166 ലക്ഷം രൂപയ്ക്ക് വൈദ്യുതി ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കാവശ്യമായ 8ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ഒന്നാം ഘട്ട അനുമതി 01.07.2013-ലും രണ്ടാംഘട്ട അനുമതി (ഫൈനൽ)17.03.2014-ലും ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പദ്ധതി പ്രാവർത്തികമാക്കാൻ ബുദ്ധിമുട്ടുള്ള ചില ഉപാധികൾ മാറ്റിക്കിട്ടുന്നതിനായി കെ.എസ്.ഇ.ബി, ലിമിറ്റഡ് നടപടിയെടുത്തിട്ടുണ്ട്. വനഭൂമി കൈമാറുന്നതിലുണ്ടായ കാലതാമസംമൂലം ഈ പദ്ധതി നിർമ്മാണത്തിനായി നൽകിയിരുന്ന വർക്ക് ഓർഡർ 30.10.2014-ൽ റദ്ദ് ചെയ്യുകയുണ്ടായി.<br>സീനിയറേജ് വാല്യുവുമായി ബന്ധപ്പെട്ട് ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കിക്കിട്ടുന്നതിനായി 06.01.2016-ൽ പ്രിൻസിപ്പൽ സെക്രട്ടറി (വനം), കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയും വനം വകുപ്പിന്റെയും അധികൃതരുമായി ഒരു യോഗം ചേർന്ന് സമയബന്ധിതമായി തുടർ നടപടികൾ |

(....2)

സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഉമ്പൂർമൂഴി കണ്ണംകുഴി തുടങ്ങിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികളും ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

(ഡി) ഉമ്പൂർമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2012-ലെ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള പോളിസി പ്രകാരം മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ ഇന്റിപെന്റന്റ് പവർ പ്രൊഡ്യൂസർ (IPP) പദ്ധതി വിഭാഗത്തിൽ ഉമ്പൂർമൂഴി പദ്ധതി കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടയിൽ ലിമിറ്റഡ്, (CMR) ആലുവ എന്ന കമ്പനിക്ക് BOOT അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ നൽകിയിരിക്കുകയാണ്. പദ്ധതിയുടെ രൂപരേഖ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചുകൊണ്ടിരിക്കുന്നു. കമ്മിറ്റിയുടെ അഭിപ്രായപ്രകാരമായിരിക്കും അന്തിമ തീരുമാനം കൈക്കൊള്ളുക.

കണ്ണൻക്കുഴി ഐഡന്റിഫൈ ചെയ്ത പദ്ധതിയാണെങ്കിലും വനഭൂമി സംബന്ധിച്ച തർക്കം കാരണം തടസ്സപ്പെട്ടിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ